(എ) മാള നിയോജകമണ്ഡലത്തിൽപ്പെടുന്ന പൊയ്യ സർക്കാർ ആശുപത്രി 30 കിടക്കകളോടെ വികസിപ്പിക്കാൻ തീരുമാനിച്ച് കെട്ടിടം പണികൾ തുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുക അനുവദിക്കാത്തതിനാൽ പണി നിർത്തിവെച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പണി പൂർത്തിയാക്കാനുള്ള തുക അനുവദിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി)&(സി) പഞ്ചായത്ത് ആക്ടുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന ആരോഗ്യവകുപ്പ് സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. അതിനാൽ പൊയ്യ സർക്കാർ ആശുപത്രിയുടെ നിർമ്മാണ ചുമതല ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനാണ്.

170 (1530) ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ ഐ.സി.യു. വിന്റെ പ്രവർത്തനം

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ എം.പി.യുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിച്ച് ഇന്റൻസീവ് കാർഡിയാക് പരിചരണത്തിനായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ;

(ബി) ഈ വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ സ്റ്റാഫ്/ഡോക്ടർ പാറ്റേൺ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതനുസരിച്ചുള്ള പ്രവർത്തനത്തിന് ഏതെല്ലാം ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

(ബി) നിശ്ചയിച്ചിട്ടില്ല.

(സി) ആരെയും നിയമിച്ചിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

171 (1531) ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവ്

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ നിലവിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര ഡോക്ടർമാരുടെ പോസ്റ്റുകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രിയിൽ നിലവിൽ എത്ര സർജൻമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സർജന്റെ നാലും അസിസ്റ്റന്റ് സർജന്റെ എട്ടും ഡെന്റൽ സർജന്റെ ഒന്നും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) അസിസ്റ്റന്റ് സർജൻമാരുടെ രണ്ട് ഒഴിവുകൾ ഉണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

172 (1532) ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ കുട്ടികളുടെ വാർഡ്

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ കുട്ടികളുടെ വാർഡ് തകർന്നുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വാർഡ് തകർന്നുകിടക്കുന്നതുകാരണം ശിശുരോഗ ചികിത്സ ലഭ്യമല്ലാത്ത അവസ്ഥ നിലവിലുണ്ടോ;

(സി) എങ്കിൽ ഈ വാർഡ് പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

173 (1533) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തു തുക ബഡ്ജറ്റിൽ (1999-2000) വകയിരുത്തിയിട്ടുണ്ട്;

(സി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിന് മേൽനടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly